# ക്രിസ്മസ്സും ജമാഅത്ത് കുഞ്ഞാടുകളും

അൻവർ അബൂബക്കർ

“ഈസാ(അ) അഥവാ യേശു അല്ലാഹുവിന്റെ മഹാനായ പ്രവാചകനായിരുന്നു. അദ്ദേഹത്തെ മറ്റെല്ലാ പ്രവാചകന്മാരെയും പോലെ മുസ്‌ലിംകൾ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. എന്നാൽ, മുഹമ്മദ് നബി(സ) ഉൾപ്പെടെ ഒരു പ്രവാചകന്റെയും ജന്മദിനാഘോഷം ഇസ്‌ലാമിലില്ല. യേശുവിന്റെ ജന്മദിനമായി ഡിസംബർ 25 ക്രൈസ്തവലോകം കൊണ്ടാടുന്നുണ്ടെങ്കിലും അത് ചരിത്രപരമായി തെളിയിക്കപ്പെട്ടതല്ലെന്നതും ഒരു വസ്തുതയാണ്. ഈ കാരണങ്ങളാൽ ക്രിസ്തുമസുമായി ബന്ധപ്പെട്ട പരമ്പരാഗത ആഘോഷപരിപാടികൾ മുസ്‌ലിംകൾ നടത്തുന്നത് ശരിയല്ല. അതേയവസരത്തിൽ, ക്രൈസ്തവ സഹോദരന്മാരുമായി സൗഹൃദം പുതുക്കുകയും അവരുടെ സന്തോഷങ്ങളിൽ പങ്കുചേരുകയും ചെയ്യുന്നത് നല്ല കാര്യമാണ്; ചെയ്യേണ്ടതാണ്.”[1]

മുസ്‌ലിം വീടുകളിലും അവരുടെ കച്ചവടസ്ഥാപനങ്ങളിലും ക്രിസ്മസ് സ്റ്റാർ തൂക്കുന്നത് അനിസ്‌ലാമികമാണോ എന്ന ചോദ്യത്തിന് ജമാഅത്തുകാരൻ നൽകിയ പരിതാപകരമായ മറുപടിയാണ് മുകളിലേത്. മുഹമ്മദ് നബി(സ)യുടെ ജന്മദിനാഘോഷം ഇസ്‌ലാം പഠിപ്പിക്കുന്നില്ല എങ്കിൽ, അതിന് വാച്യമോ ലിഖിതമോ ആയ രൂപത്തിൽ ആശംസകൾ നേരുന്നത് പ്രസ്തുത ആഘോഷത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കലും ബിദ്അത്തിനെ പ്രോത്സാഹിപ്പിക്കലുമാകും എന്നതിൽ പക്ഷാന്തരമില്ലല്ലോ. അപ്പോൾ പറയപ്പെട്ട ശുഭാശംസ ക്രിസ്മസ് ആഘോഷത്തിനാണെങ്കിൽ അത് നല്ലതും ചെയ്യേണ്ടതുമായ കാര്യമാണ് എന്ന ഗവേഷണം ജമാഅത്ത് മുഫ്തിക്ക് എവിടെനിന്നാണ് കിട്ടിയത്? ഏതായാലും ഈ വെളിപാട് അല്ലാഹുവിൽ നിന്നുള്ളതല്ല, മറിച്ച് പ്രമാണം സ്വീകരിക്കാൻ വിമുഖത കാണിക്കുന്ന തകരാറിലായ ഒരു മസ്തിഷ്കത്തിൽ നിന്നും ഉത്ഭവിച്ചതാകാനേ വഴിയുള്ളൂ.

അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് വിധേയരാകാതെ, സത്യമാർഗ്ഗത്തിൽ നിന്ന് വഴിപിഴച്ച് പോകാതെ, അങ്ങേയറ്റം സൂക്ഷ്മതയോടെ ജീവിക്കാൻ ക്വുർആനും സുന്നത്തുമുപയോഗിച്ച് ഓരോ മുസ്‌ലിമിനെയും പ്രേരിപ്പിക്കേണ്ടവരാണ് പരലോക ഭയമുള്ള പണ്ഡിതർ. ഈ ദൗത്യം മറന്നുകൊണ്ടാണ് പരിശുദ്ധനായ അല്ലാഹു ഒരു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന ഗുരുതരമായ ആരോപണവുമായി ബന്ധപ്പെട്ട ഒരു വിശ്വാസത്തിൽ സന്തോഷം പങ്കുവെക്കാൻ ജമാഅത്തെ ഇസ്‌ലാമി തുറന്ന അനുവാദം നൽകുന്നത്. ഈ രൂപത്തിലുള്ള ഇവരുടെ പാണ്ഡിത്യ പ്രകടനം എന്തുകൊണ്ടും ആക്ഷേപാർഹവും ദീനിന്റെ പ്രമാണങ്ങളെ കേടുവരുത്തുന്നതും തന്നെ. അല്ലാഹു ഒരു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന ക്രൈസ്തവ ലോകത്തിന്റെ വാദത്തെ മൗദൂദികൾ നിസ്സാരമാക്കുമ്പോൾ അതിന്റെ ഗൗരവത്തെ കുറിച്ച് പരിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നത് ഇപ്രകാരമാണ്:

[1] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം, ഇസ്‌ലാമിക പ്രസ്ഥാനം: ചോദ്യങ്ങൾക്ക് മറുപടി, പേജ് 262

وَقَالُوا اتَّخَذَ الرَّحْمَنُ وَلَداً * لَقَدْ جِئْتُمْ شَيْئاً إِدّاً * تَكَادُ السَّمَوَاتُ يَتَفَطَّرْنَ مِنْهُ وَتَنشَقُّ الأَرْضُ وَتَخِرُّ الْجِبَالُ هَدّاً * أَنْ دَعَوْا لِلرَّحْمَنِ وَلَداً * وَمَا يَنْبَغِي لِلرَّحْمَنِ أَنْ يَتَّخِذَ وَلَداً * إِنْ كُلُّ مَنْ فِي السَّمَوَاتِ وَالأَرْضِ إِلاَّ آتِي الرَّحْمَنِ عَبْداً

“പരമകാരുണികൻ ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞിരിക്കുന്നു. തീർച്ചയായും നിങ്ങൾ ചെയ്തിരിക്കുന്നത് ഗുരുതരമായ ഒരു കാര്യമാകുന്നു. അത് നിമിത്തം ആകാശങ്ങൾ പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടുകീറുകയും, പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്യുമാറാകും. പരമകാരുണികന് സന്താനമുണ്ടെന്ന് അവർ വാദിച്ചത് നിമിത്തം. സന്താനത്തെ സ്വീകരിക്കുക എന്നത് പരമകാരുണികന് അനുയോജ്യമാവുകയില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ള ഏതൊരാളും ഒരു ദാസനെന്ന നിലയിൽ പരമകാരുണികന്റെ അടുത്ത് വരുന്നവൻ മാത്രമായിരിക്കും.”[2]

അല്ലാഹുവിന് ഒരു സന്താനം ഉണ്ടെന്നും, ഡിസംബർ 25 ആ സന്താനം ജനിച്ച ദിവസമാണെന്നുമുള്ള ക്രൈസ്തവരുടെ അവകാശവാദം എത്ര ഗൗരവമേറിയതാണ് എന്ന് മനസ്സിലാക്കാൻ മുകളിലുദ്ധരിച്ച അല്ലാഹുവിന്റെ വചനം തന്നെ ധാരാളമാണ്. അല്ലാഹു ഒരു ബാപ്പ ആകുക (നഊദുബില്ലാഹ്) എന്ന ആശയം കേൾക്കുമ്പോൾ തന്നെ മനസ്സിന് അത്യധികമായി പ്രയാസം വരുന്നവരാണ് നാം മുസ്‌ലിംകൾ. അങ്ങനെയിരിക്കെ അല്ലാഹു ഒരു സന്താനത്തെ സ്വീകരിച്ചിട്ടില്ല എന്ന വസ്തുത ക്രൈസ്തവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് പകരം അവരോടൊപ്പം അതുമായി ബന്ധപ്പെട്ട ആഘോഷങ്ങളിൽ പങ്കെടുക്കുന്നത് അതീവ ഗുരുതരമായ തെറ്റുതന്നെയാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ പള്ളികളും അവരുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളും വിശുദ്ധ ഖുർആൻ പാരായണം ചെയ്തുക്കൊണ്ട് പ്രസ്തുത ആഷോഷത്തിന് പ്രോത്സാഹനം നൽകുന്നത് ഖേദകരമായ കാഴ്ച തന്നെ.



ക്രിസ്മസ് ആഘോഷം

പെരുമ്പിലാവ്: അൻസാർ വിമൻസ് ആൻറ് കമ്പ്യൂട്ടർ കോളജ് വിദ്യാർഥികൾ സംഘടിപ്പിച്ച ക്രിസ്മസ് ആഘോഷ പരിപാടിയുടെ ഉദ്ഘാടനം എൽ.എഫ്. കോളജ് ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. ട്രീസാ ഡൊമിനിക് നിർവഹിച്ചു. പ്രിൻസിപ്പൽ എ.വി. മൊയ്തീൻകുട്ടി അധ്യക്ഷത വഹിച്ചു.

ഡോ. അബ്രഹാം ജോഷി ക്രിസ്മസ് സന്ദേശം നൽകി. അഡ്വ. പി.കെ. നസീമ, ചെയർപേഴ്സൺ ഷെഹീബ സബക്ക എന്നിവർ സംസാരിച്ചു. ഷെർമി ഖിറാഅത്ത് നടത്തി. ഡോ. പി.കെ. സുലൈഖ സ്വാഗതവും നടാഷ നന്ദിയും പറഞ്ഞു.

പെരുമ്പിലാവ് അൻസാർ വിമൻസ് കോളജിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളുടെ ഉദ്ഘാടനം ഡോ. ട്രീസ ഡൊമിനിക് നിർവഹിക്കുന്നു

‘മാനവസന്ദേശവുമായി മസ്ജിദിൽ ക്രിസ്മസ് സൗഹൃദ സംഗമം’ എന്ന തലക്കെട്ടിൽ പ്രബോധനത്തിൽ വന്ന വാർത്ത[3] ആദർശസ്നേഹികളായ ആരെയും വേദനപ്പിക്കുന്ന ഒന്നാണ്. മതത്തിന്റെ മേൽവിലാസത്തിൽ ഇവർ പടച്ചുവിടുന്ന വഴിതെറ്റിക്കുന്ന ഫത്‌വകളും അതിനനുസൃതമായ പ്രവർത്തനങ്ങളും എത്രയോ നിരപരാധികളായ വിശ്വാസികളെയാണ് ചതിക്കുഴിയിലേക്ക് തള്ളിയിടുന്നത്. നജ്റാനിൽ നിന്നും വന്ന ക്രൈസ്തവർക്ക് അവരുടെ നമസ്കാരം നിർവഹിക്കാൻ നബി(സ) പള്ളിയിൽ സ്ഥലം കൊടുത്ത മാതൃകയുണ്ടെന്ന ഞൊണ്ടിന്യായമാണ് ഈ രൂപത്തിലുള്ള പ്രവർത്തനങ്ങൾക്ക് ജമാഅത്തെ ഇസ്‌ലാമിയുടെ

---

[2] ഖുർആൻ 19:88-93

[3] പ്രബോധനം വാരിക, 2012 ജനുവരി 14, പേജ് 46

മുഖ്യമായ തെളിവ്. വാസ്തവത്തിൽ അങ്ങേയറ്റം ളയീഫും മുൻകത്വിഉമായ (പരമ്പര മുറിഞ്ഞതുമായ) ഒരു റിപ്പോർട്ടാണ് ഇതെന്ന് ഇബ്നു റജബ് ഹമ്പലിയെ പോലെയുള്ള ഹദീഥ് നിദാന ശാസ്ത്രത്തിലെ നിപുണൻമാർ മുമ്പേ വ്യക്തമാക്കിയിട്ടുള്ളതാണ്.[4] അതുകൊണ്ടുതന്നെ ക്രിസ്മസ് പോലുള്ള ആഘോഷങ്ങൾ നടത്തുവാനായി അല്ലാഹുവിനെ മാത്രം ആരാധിക്കുവാനായി നിർമ്മിച്ച മസ്ജിദുകൾ ഉപയോഗപ്പെടുത്തുന്നത് ദീനിനെ നിന്ദിക്കലും പരിത്യജിക്കലുമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

ഇസ്‌ലാമിനെ ക്രൈസ്തവർക്ക് പരിചയപ്പെടുത്താനുള്ള ഒരു മാർഗമായാണ് ക്രിസ്തു ജനനോത്സവത്തിലെ ജമാഅത്ത് സാന്നിധ്യത്തെ പലപ്പോഴും ഇവർ പരിചയപ്പെടുത്താറ്. വാസ്തവത്തിൽ പ്രമാണങ്ങൾക്ക് നിരക്കാത്തതും അനുകരണീയമല്ലാത്തതുമായ ഒരു വാദമാണ് ഇത്. പ്രബോധനരംഗത്ത് സ്വീകരിക്കേണ്ട മാതൃകയെ സംബന്ധിച്ച് സംസാരിക്കവെ ഒരു പ്രതിവചനമായി ജമാഅത്തുകാരൻ എഴുതിവെച്ച താഴെയുള്ള വരികൾ സംശയരഹിതമായി അക്കാര്യം തെളിയിക്കുന്നതാണ്:

“... ഇങ്ങനെ വ്യത്യസ്ഥ മതങ്ങൾ ആവിർഭവിക്കുകയും സത്യമതത്തിന്റെ യഥാർത്ഥ രൂപം ജനങ്ങൾക്ക് അജ്ഞാതമാവുകയും ചെയ്തപ്പോൾ, അതിന്റെ തനിരൂപം പൂർണവും അന്തിമവുമായ രൂപത്തിൽ കാണിച്ചുകൊടുക്കേണ്ടതിനാണ് അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ) നിയുക്തനായത്. അദ്ദേഹം തന്റെ ദൗത്യം അന്യൂനമായി നിറവേറ്റി, അത് തനിക്കു ശേഷം തുടർന്നു നിർവഹിക്കാൻ അനുയായികളെ ചുമതലപ്പെടുത്തിക്കൊണ്ട് ഈ ലോകത്തോട് വിടപറഞ്ഞു. സത്യപ്രബോധനം എങ്ങനെ നിർവഹിക്കണമെന്ന് വിശുദ്ധ ഖുർആൻ പ്രവാചകന്മാരുടെ മാതൃകകൾ ചൂണ്ടിക്കാട്ടി വ്യക്തമാക്കിത്തന്നിട്ടുണ്ട്. നബി(സ) തന്റെ ജീവിതത്തിലൂടെ അതിന്ന് സാക്ഷ്യം നൽകിയിട്ടുമുണ്ട്. അതിനാൽ, പ്രബോധന പ്രവർത്തനങ്ങളിൽ മറ്റൊരു മതവിഭാഗത്തെയും അനുകരിക്കേണ്ട ആവശ്യകത മുസ്‌ലിംകൾക്കില്ല. യുക്തിദീക്ഷയോടും സദുപദേശത്തോടും കൂടി അല്ലാഹുവിന്റെ സന്മാർഗം മുഴുവൻ മനുഷ്യർക്കും എത്തിച്ചുകൊടുക്കുകയും സംശയങ്ങളും ആരോപണങ്ങളും ഉയരുമ്പോൾ സത്യം ബോധ്യപ്പെടുത്താൻ ഉത്തമമായ മാർഗേണ വാഗ്വാദങ്ങൾ നടത്തുകയുമാണ് പ്രബോധന രീതി. പ്രബോധനം ഫലപ്രദമാവാൻ, പ്രബോധകരുടെ ജീവിതം അതിന് മാതൃകയായിരിക്കുകയും വേണം. നബി(സ)യുടെ മഹാന്മാരായ ശിഷ്യൻമാരും അവരുടെ പിൻതലമുറകളും ഈ യാഥാർത്ഥ്യം മനസ്സിലാക്കി പ്രവർത്തിച്ചതുകൊണ്ടാണ് അറേബ്യയിൽനിന്ന് ഇസ്‌ലാം വിശാല വിസ്തൃതമായ മേഖലകളിലേക്ക് പടർന്നു വ്യാപിച്ചത്. ഇന്നും ഇതുതന്നെയാണ് മുസ്‌ലിംകളെസ്സംബന്ധിച്ചിടത്തത്തോളം അനുകരണീയവും അഭികാമ്യവുമായ രീതി.”[5]

സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉത്തമമായ മാതൃക പ്രവാചകനാണെന്നും, പ്രബോധന പ്രവർത്തനങ്ങളിൽ അവിടുത്തെ സ്വഹാബികളും പിൻതലമുറകളും പ്രവർത്തിച്ചു കാണിച്ച മാതൃക അനുകരണീയവും അഭികാമ്യവുമാണെന്ന് ജമാഅത്തെ ഇസ്‌ലാമി സമ്മതിക്കുമ്പോൾ, അവരുടെയൊന്നും പ്രവൃത്തിപഥത്തിൽ കാണാത്ത രീതികളല്ലേ ഇന്ന് ജമാഅത്ത് കുഞ്ഞാടുകൾ സ്വീകരിച്ചിരിക്കുന്നത്. ഇസ്‌ലാമിക പ്രമാണങ്ങളിൽ വേണ്ടത്ര നിർദ്ദേശങ്ങൾ കാണാത്തത് കൊണ്ടാണ് ക്രിസ്മസ് പോലുള്ള ആഘോഷങ്ങളിൽ ഇവർ പങ്കെടുക്കുന്നത് എന്ന് കരുതാൻ ന്യായം കാണുന്നില്ല. കാരണം, മുസ്‌ലിംകൾക്ക് അനുവദനീയമായ ആഘോഷങ്ങൾ രണ്ടെണ്ണമാണെന്ന പ്രവാചകന്റെ ഉത്ബോധനം അറിയപ്പെട്ടതാണ്. അക്കാര്യം നബി (സ) പഠിപ്പിച്ച സന്ദർഭം കൂടി അറിയുമ്പോൾ ഇസ്‌ലാമിൽ ഇതരമതസ്ഥരുടെ ആഘോഷങ്ങൾക്കുള്ള സ്ഥാനം എത്രമാത്രമാണ് എന്ന് ബോധ്യപ്പെടും.

[4] ഇബ്നു റജബ് ഹമ്പലി, ഫത്ഹുൽ ബാരി 3/244

[5] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം, ഇസ്‌ലാമിക പ്രസ്ഥാനം: ചോദ്യങ്ങൾക്ക് മറുപടി, പേജ് 264

عَنْ أَنَسٍ قَالَ قَدِمَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ الْمَدِينَةَ وَلَهُمْ يَوْمَانِ يَلْعَبُونَ فِيهِمَا فَقَالَ: مَا هَذَانِ الْيَوْمَانِ قَالُوا كُنَّا نَلْعَبُ فِيهِمَا فِي الْجَاهِلِيَّةِ فَقَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ اللَّهَ قَدْ أَبْدَلَكُمْ بِهِمَا خَيْرًا مِنْهُمَا يَوْمَ الْأَضْحَى وَيَوْمَ الْفِطْرِ

"അനസ്(റ) നിവേദനം, നബി(സ) മദീനയിലേക്ക് വന്നപ്പോൾ, അവിടെയുള്ളവർ രണ്ടു ആഘോഷ ദിവസങ്ങളിൽ കളിവിനോദങ്ങളിലേർപ്പെടുന്നത് കണ്ടു. എന്താണ് ഈ രണ്ടു ദിവസങ്ങളുടെ പ്രത്യേകത എന്ന് നബി(സ) ചോദിക്കുകയും ചെയ്തു. അവർ പറഞ്ഞു: 'ജാഹിലിയ്യാ കാലത്ത് ഞങ്ങൾ ആഘോഷിക്കാറുള്ള രണ്ട് ദിവസങ്ങളാണത്.' അപ്പോൾ നബി(സ) അവരോട് പറഞ്ഞു: 'ആ രണ്ട് ദിവസങ്ങൾക്ക് പകരമായി ഉത്തമമായ രണ്ട് ദിനങ്ങളെ അല്ലാഹു നിങ്ങൾക്കായി നൽകിയിരിക്കുന്നു; ഈദുൽ അദ്ഹയും, ഈദുൽ ഫിത്വ്റുമാണവ."[6]

ഇസ്‌ലാമികേതര ആഘോഷങ്ങൾ എല്ലാംതന്നെ ജാഹിലിയ്യാ കാലത്തുള്ള ആഘോഷങ്ങളോട് സമത്വമുള്ളതാണ്. അതെല്ലാം വെടിയുവാനും പകരം അല്ലാഹു നൽകിയ രണ്ട് ആഘോഷങ്ങൾ സ്വീകരിക്കാനുമാണ് പ്രവാചകൻ(സ)യുടെ കൽപന. അതിനോട് വിമുഖത കാണിക്കുവാൻ വിശ്വാസികൾക്ക് പാടുള്ളതല്ല. മാത്രവുമല്ല, പ്രവാചകൻ(സ)യുടെ ഓരോ ശിക്ഷണവും ആഴത്തിൽ ഗ്രഹിക്കുവാൻ സൗഭാഗ്യം ലഭിച്ച സ്വഹാബിമാർ ഇതുസംബന്ധമായി മനസ്സിലാക്കിയ വീക്ഷണവും നമുക്ക് ദീനിൽ തെളിവാണ്:

عمر بن الخطاب رضي الله عنه أنه قال اجتنبوا أعداء الله اليهود والنصارى في عيدهم يوم جمعهم فإن السخط يترل عليهم فأخشى أن يصيبكم ولا تعلموا بطانتهم فتخلقوا بخلقهم

ഉമർ(റ) പറഞ്ഞു: "അല്ലാഹുവിന്റെ ശത്രുക്കളായ ജൂത ക്രൈസ്തവരുടെ ആഘോഷങ്ങളിൽ നിന്നും നിങ്ങൾ അകന്നു നിൽക്കുക. അല്ലാഹുവിന്റെ കോപം അവരിലിറങ്ങുമ്പോൾ അത് നിങ്ങളേയും ബാധിക്കുമൊ എന്ന് ഞാൻ ഭയപ്പെടുന്നു. അവരുടെ സമ്പ്രദായമറിയാത്ത നിങ്ങൾ അവരുടെ സ്വഭാവം ക്രമേണ സ്വീകരിക്കുന്നവരാകും."[7]

ക്രൈസ്തവ ആഘോഷങ്ങൾ ഉൾപ്പടെ ഇതരമത ആഘോഷങ്ങളിൽ യാതൊരു നിലക്കും ഒരു മുസ്‌ലിം ബന്ധപ്പെടരുത് എന്ന കണിശത നബി(സ)ക്കും സ്വഹാബികൾക്കും ഉണ്ടായിരുന്നു എന്നത് മേൽ വിശദീകരണം അറിയിക്കുന്നുണ്ട്. എത്രമാത്രം പ്രാധാന്യത്തോടെ കാണേണ്ട വിഷയമാണ് ഇത്. എന്നാൽ തെളിവുകൾ അവഗണിച്ചുക്കൊണ്ട് ജമാഅത്തെ ഇസ്‌ലാമിയുടെ തൂലികാ തൊഴിലാളികൾ സാധാരണക്കാരായ വിശ്വാസികളെ തിന്മയിലേക്ക് അടുപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിനെ കുറിച്ചുള്ള ഭയവും, പ്രബോധനത്തെ സംബന്ധിച്ച് ഉത്തരവാദിത്ത ബോധവുമുള്ള പണ്ഡിതന്മാർ തദ്‌വിഷയകമായ അഭിപ്രായം രേഖപ്പെടുത്തുമ്പോൾ ഇത്ര ലാഘവത്തോടെ എടുക്കില്ല എന്നുറപ്പാണ്. അതിനുള്ള ഉദാഹരണമാണ് ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ ഉഥൈമീൻ (റഹി) ക്രിസ്മസ്സുമായി ബന്ധപ്പെട്ട ചോദ്യത്തിനു നൽകിയ താഴെയുള്ള ഫത്‌വ:

سئل فضيلة الشيخ/ عن حكم التهنئة الكفار بعيد الكريسماس؟ وكيف نرد عليهم إذا هنئونا بها؟ وهل يجوز الذهاب إلى أماكن الحفلات التي يقيموها بهذه المناسبة؟ زهل يأثم الأنسان إذا فعل شيئا مما ذكر

[6] സ്വഹീഹ്: അൽബാനി തന്റെ സ്വഹീഹ് അബൂ ദാവൂദിൽ, ന:1134

[7] ബൈഹകി

بغير قصد؟ وأنما فعله إما مجاملة أو حياء أو إحراجا أو غير ذلك من الأسباب؟ وهل يجوز التشبه بهم في ذلك؟

فأجاب فضيلة الشيخ/ تهنئة الكفار بعيد الكريسماس أو غيره من أعيادهم الدينية حرام بالإتفاق، كما نقل ذلك إبن القيم رحه الله في كتابه (أحكام أهل الذمة) ، حيث قال: وأما التهنئة بشعائر الكفر المختصة به فحرام بالإتفاق، مثل أن يهنئهم بأعيادهم وصومهم، فيقول عيد مبارك عليك، أو: تهنئا بهذا العيد ونحوه، فهذا إن سلم قائله من الكفر فهو من المحرمات، وهو بمنزلة أن يهنئه بسجوده للصليب، بل ذلك أعظم إثما عند الله، وأشد مقتا من التهنئة بشرب الخمر وقتل النفس، وإرتكاب الفرج الحرام نحوه، وكثير ممن لا قدر للدين عنده يقع في ذلك . ولا يدري قبح ما فعل، فمن هنأ عبدا بمعصية أو بدعة أو كفر فقد تعرض لمقت الله وسخطه، إنتهى كلام رحمه الله.

وإنما كانت تهنئة الكفار بأعيادهم البنية حراما وبهذا المثابة التي ذكرها ابن القيم، لأن فيها إقراراً لما هم عليه من شعائر الكفر، ورضي به لهم، وإن كان هو لا يرضي بهذا الكفر لنفسه، لكن يحرم على المسلم أن يرضي بشعائر الكفر أو يهنئ غيره لأن الله تعالى لا يرضى بذلك. كما قال تعالى: إِنْ تَكْفُرُوا فَإِنَّ اللَّهَ غَنِيٌّ عَنْكُمْ وَلَا يَرْضَى لِعِبَادِهِ الْكُفْرَ وَإِنْ تَشْكُرُوا يَرْضَهُ لَكُمْ ) (الزمر:7) وقال تعالى: الْيَوْمَ يَئِسَ الَّذِينَ كَفَرُوا مِنْ دِينِكُمْ فَلَا تَخْشَوْهُمْ وَاخْشَوْنِي الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا )(المائدة:3) وتهنئتهم بذلك حرام سواء كانوا مشاركين للشخص في العمل أو لا.

وإذا هنئونا بأعيادهم فإننا لا نجيبهم على ذلك، لأنها بأعياد لنا، ولأنها أعياد لا يرضاها الله تعالى، لأنها إما مبتدعة بدينهم وإما مشروعة، لكن نسخت بدين الإسلام الذي بعثه الله به محمد صلى الله عليه وسلم، إلى جميع الخلق، وقال فيه: وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنْ الْخَاسِرِينَ(آل عمران: 85 )

وإجابة المسلم دعوتهم بهذه المناسبة حرام، لأن هذا أعظم من تهنئتهم بها لما في ذلك من مشاركتهم فيها.

وكذلك يحرم على المسلمين التشبه بالكفار بإقامة الحفلات بهذه المناسبة، أو تباذل الهدايا أو توزيع الحلوى، أو أطباق الطعام, أو تعطيل الأعمال ونحو ذلك، لقول النبي صلى الله عليه وسلم: (من تشبه بقوم فهو منهم) قال شيخ الإسلام إبن تيمية في كتابه (اقتضاء الصراط المستقيم) "مشابهتهم في بعض أعيادهم توجب سرور قلوبهم بما عليه من الباطل، وربما أطعمهم ذلك في انتهاز الفرص واستذلال الضعفاء" انهى كلام رحمه الله

ومن فعل شيئا من ذلك غهو آثم، سواء فعله مجاملة أو توددا أو حياء أو لغير ذلك من الأسباب، لأنه من المداهنة في دين الله ، ومن أسباب تقوية النفوس الكفار وفخرهم بدينهم.

والله المسئول أن يعز المسلمين بدينهم، ويرزقهم الثبات عليه، وينصرهم على أعدائهم، إنه قوي عزيز.

(فتاوى علماء بلد الحرام -ص 100-102)

''ചോ: ക്രിസ്മസ് ആഘോഷത്തിന് ആശംസ നേരുന്നതിന്റെ വിധിയെന്താണ്? നമ്മോട് അവർ ആശംസ പറഞ്ഞാൽ നാമെങ്ങനെ പ്രതികരിക്കണം? ആഘോഷവേളകളിൽ സംഘടിപ്പിക്കപ്പെടുന്ന പരിപാടികളിൽ പങ്കെടുക്കുന്നത് അനുവദനീയമാണൊ? ഉദ്ദേശ്യത്തോടെയല്ലാതെ ഇത്തരം പരിപാടികൾ ചെയ്താൽ അത് പാപമാകുമൊ? അതായത്, ഒരാൾ അത് ചെയ്യുന്നത്, ആഘോഷക്കാരെ തൃപ്തിപ്പെടുത്താനൊ, പങ്കെടുക്കാനാവില്ലെന്ന് പറയാനുള്ള ലജ്ജ കാരണത്താലൊ, നിർബന്ധിതാവസ്ഥയിലൊ ആണെങ്കിൽ? അമുസ്ലിം ആഘോഷങ്ങളെ അനുകരിക്കുന്നത് അനുവദനീയമാണൊ?

ശൈഖിന്റെ മറുപടി: 'ക്രിസ്മസ് പോലുള്ള സത്യനിഷേധികളുടെ ആഘോഷങ്ങൾക്ക് ആശംസ നേരുന്നത് ഹറാമാണെന്നതിൽ ഏകാഭിപ്രായമാണുള്ളത്. ഇബ്നുൽഖയ്യിം (റഹി) 'അഹ്കാമു അഹ്ലിദ്ദിമ്മ' എന്ന കൃതിയിലെഴുതി: 'അവിശ്വാസികളുടെ വിശിഷ്ട മതചിഹ്നങ്ങൾക്ക് ആശംസയർപ്പിക്കുന്നത് ഹറാമാണ്. അഥവാ അവരുടെ വ്രതാനുഷ്ടാനങ്ങൾക്കും ആഘോഷങ്ങൾക്കും ആശംസയർപ്പിക്കുക എന്ന നിലക്ക്, ക്രിസ്മസ് ആശംസകൾ, സീസണൽ ഗ്രീറ്റിംഗ്സ് തുടങ്ങിയ അഭിവാദനങ്ങൾ നിഷിദ്ധമാണ്. അവർ കുരിശിനു സുജൂദ് ചെയ്യുന്നതിനെ അംഗീകരിക്കുന്നതിന് തുല്യമാണത്. അല്ലാഹുവിങ്കൽ കൊടിയപാപമാണത്. വ്യഭിചാരം, കൊല, മദ്യപാനം തുടങ്ങിയവയേക്കാൾ കടുത്ത തെറ്റാണത്. മതബോധം അധികമില്ലാത്തവർ ഇതിലകപ്പെടാൻ സാധ്യത കൂടുതലാണ്. താൻ ചെയ്യുന്ന പ്രവൃത്തിയുടെ മ്ലേഛത അവനറിയുന്നില്ല. പാപം, ബിദ്അത്ത്, കുഫ്ർ തുടങ്ങിയവക്ക് ആർക്കെങ്കിലും ആശംസ നേരുന്നുവെങ്കിൽ അവൻ അല്ലാഹുവിന്റെ ശാപ കോപങ്ങൾക്ക് വിധേയനാകുന്നതാണ്.'

ഇബ്നുൽഖയ്യിം (റഹി) വ്യക്തമാക്കിയതുപോലെ, സത്യനിഷേധികളുടെ ആഘോഷങ്ങൾക്ക് ആശംസ നേരുന്നത് ഹറാമാണ്. എന്തുകൊണ്ടെന്നാൽ അത് കുഫ്റിന്റെ ചിഹ്നങ്ങൾക്കുള്ള അംഗീകാരമാണ്. ഒരാൾ പ്രസ്തുത കുഫ്റിനെ ഇഷ്ടപ്പെടുന്നില്ല എങ്കിലും അങ്ങനെ ചെയ്യുന്നത് അതിനോടുള്ള തൃപ്തിപ്രകടനമാണ്. കുഫ്റിന്റെ ചിഹ്നങ്ങളെ ഒരു മുസ്ലിം ഇഷ്ടപ്പെടാവതല്ല. കാരണം അതിനോട് അല്ലാഹുവിന് തൃപ്തിയല്ല ഉള്ളത്. അല്ലാഹു പറഞ്ഞു:

''നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങളുടെ ആശ്രയത്തിൽ നിന്ന് മുക്തനാകുന്നു. തന്റെ ദാസൻമാർ നന്ദികേട് കാണിക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ നന്ദി കാണിക്കുന്നപക്ഷം നിങ്ങളോട് അതുവഴി അവൻ സംതൃപ്തനായിരിക്കുന്നതാണ്.'' (സുമർ: 7)

“ഇന്ന് സത്യനിഷേധികൾ നിങ്ങളുടെ മതത്തെ നേരിടുന്ന കാര്യത്തിൽ നിരാശപ്പെട്ടിരിക്കുകയാണ്. അതിനാൽ അവരെ നിങ്ങൾ പേടിക്കേണ്ടതില്ല. എന്നെ നിങ്ങൾ പേടിക്കുക. ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.” (മാഇദ: 3)

അതിനാൽ, ക്രിസ്മസിനെ ആശംസിക്കുന്നത് ഹറാമാണ്, അവരോടൊപ്പം ആഘോഷത്തിൽ ഭാഗഭാക്കായാലും ഇല്ലെങ്കിലും ശരി.

അമുസ്‌ലിംകൾ നമുക്ക് ആശംസയർപ്പിച്ചാൽ അതിന് മറുപടി നൽകേണ്ടതില്ല. അത് നമ്മുടെ ആഘോഷമല്ലല്ലൊ. അല്ലാഹുവിന്നിഷ്ടമില്ലാത്ത ആഘോഷമാണത്. അത് അവരുടെ ദീനിൽ പുതുതായുണ്ടാക്കിയ ആചാരമാകാം അല്ലെങ്കിൽ അവരുടെ മതനിയമമാകാം. രണ്ടായിരുന്നാലും ശരി മുഹമ്മദ് നബി(സ)യാൽ നിയോഗിതമായ ഇസ്‌ലാമോടെ സകല മതനിയമങ്ങളും അസാധുവാക്കപ്പെട്ടു കഴിഞ്ഞു. അല്ലാഹു പറഞ്ഞു:

“ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.” (ആലു ഇംറാൻ: 85)

ക്രിസ്മസ് ആഘോഷത്തിലേക്കുള്ള ക്ഷണം സ്വീകരിക്കുന്നതും നിഷിദ്ധം തന്നെ. ആശംസ നേരുന്നതിനേക്കാൾ ഗൗരവമായതാണ് അതിൽ പങ്കെടുക്കുന്നത്.

സത്യനിഷേധികളുടെ ആഘോഷങ്ങളെ അനുകരിച്ചുകൊണ്ട്, പരിപാടികൾ സംഘടിപ്പിക്കുന്നതും, സമ്മാനങ്ങൾ കൈമാറുന്നതും, മധുരപലഹാരങ്ങൾ വിതരണം ചെയ്യുന്നതും, ഭക്ഷണമുണ്ടാക്കുന്നതും, ജോലി അവധിയാക്കുന്നതും ഹറാമാണ്. നബി(സ) പറഞ്ഞു: “ആര് ഒരു ജനതയെ അനുകരിക്കുന്നുവൊ അവൻ അവരിൽപ്പെട്ടവനാണ്.”

അമുസ്‌ലിംകളുടെ ആഘോഷങ്ങളെ അനുകരിക്കുന്നത് അവരുടെ ഹൃദയങ്ങളിൽ സന്തോഷമുണ്ടാക്കുമെന്ന് ഇബ്നു തൈമിയ(റഹി) ‘ഇഖ്തിളാഉ സ്സ്വിറാത്വിൽ മുസ്തക്വീ’മിൽ പ്രസ്താവിച്ചിട്ടുണ്ട്.

മേൽ പറയപ്പെട്ടവയിൽ നിന്ന് വല്ലതും ചെയ്യുന്നവൻ പാപം ചെയ്തവനാണ്. അത്, അമുസ്‌ലിംകളെ തൃപ്തിപ്പെടുത്താനൊ, സ്നേഹം പ്രകടിപ്പിക്കാനൊ, ലജ്ജയാലൊ, മറ്റെന്തു കാരണത്താലൊ ആയാലും ശരി. അല്ലാഹുവിന്റെ മതത്തിൽ മയപ്പെടുത്തലാണ്. അത് സത്യനിഷേധികളുടെ മനസ്സിൽ തങ്ങളുടെ ദീനിനോട് കൂടുതൽ അഭിമാനമുണ്ടാക്കുന്നതാണ്.

അല്ലാഹു മുസ്‌ലിംകളെ ഇസ്‌ലാം മുഖേന അന്തസ്സുള്ളവരാക്കട്ടെ. അവരെ അല്ലാഹു അതിൽ തന്നെ ഉറപ്പിച്ചു നിർത്തട്ടെ. തങ്ങളുടെ ശത്രുക്കൾക്കെതിരിൽ അവൻ വിജയം നൽകട്ടെ. അവനാണ് ശക്തൻ, പ്രതാപവാനും.”[8]

ഇസ്‌ലാമിക പ്രമാണങ്ങളിൽ നിന്ന് അറിവ് സ്വീകരിച്ച, അല്ലാഹുവിന്റെ വിധിവിലക്കുകൾ ഗൗരവത്തോടെ നോക്കിക്കാണുന്ന, ജനങ്ങളെ സന്മാർഗത്തിലേക്ക് ക്ഷണിക്കാൻ പ്രതിബദ്ധതയുള്ള പണ്ഡിതൻമാർ സ്വീകരിക്കേണ്ട രീതിയാണ് മുകളിലെ മാർഗ്ഗോപദേശം. ഈ വസ്തുതകളെല്ലാം മറച്ചുവെച്ചുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി വിശ്വാസീസമൂഹത്തെ തെറ്റുദ്ധരിപ്പിക്കുന്നത് പ്രമാണങ്ങളുടെ മേൽ നടത്തുന്ന അട്ടിമറിയും, വിശ്വാസികളോട് ചെയ്യുന്ന ക്രൂരതയുമാണ്. അതിന്റെ വ്യക്തമായ ഉദാഹരണമാണ് ഗ്രീറ്റിം കാർഡുകൾ മുഖേന പ്രസ്തുത ആഘേഷത്തിന് ആശംസ നേരാനുള്ള മൗദൂദികളുടെ തുറന്ന അനുവാദം. ആ ഭാഗം ഇങ്ങിനെ വായിക്കാം:

[8] ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ ഉഥൈമീൻ (റഹി), ഫതാവാ ഉലമാഉ ബലദിൽ ഹറാം പേജ്: 100-102

“മനുഷ്യരുടെ ഊഷ്മളമായ പരസ്പര ബന്ധത്തിനും സ്നേഹത്തിനും അങ്ങേയറ്റം വില കൽപിക്കുന്ന മതമാണ് ഇസ്‌ലാം. സ്വന്തം ഉത്സവങ്ങളായ ഈദുനാളുകളിൽ സുഹൃത്തുക്കളെയും ബന്ധുക്കളെയും സന്ദർശിച്ച് അഭിവാദ്യങ്ങളർപ്പിക്കാൻ അതു കൽപിച്ചിട്ടുണ്ട്. പരസ്പരം കാണാനും നേരിട്ട് ആശംസകൾ നേരാനും സാധ്യമല്ലാത്ത വിധം അകന്നു കഴിയുന്നവർ തപാൽ വഴി ആശംസകളയക്കുന്നത് പ്രസ്തുത കൽപനയുടെ അനുസരണമായി പരിഗണിക്കാവുന്നതാണ്. ഇതര സമുദായങ്ങൾക്കു മാത്രം ബാധകമായ ഉത്സവങ്ങൾ പ്രമാണിച്ച് മുസ്‌ലിംകൾ തമ്മിൽ ആശംസകൾ കൈമാറുന്നതിൽ അർത്ഥമില്ല. എന്നാൽ അതതു ഉത്സവങ്ങളുമായി ബന്ധപ്പെട്ട സമുദായത്തിലെ അംഗങ്ങൾക്ക് ആശംസകൾ നേരാവുന്നതാണ്. എന്നല്ല മറ്റു ജന വിഭാഗങ്ങളുമായി കൂടുതൽ നല്ല ബന്ധം സൃഷ്ടിക്കാനുള്ള ശ്രമമെന്ന നിലയിൽ അതഭികാമ്യവുമാണ്.”[9]

ക്രിസ്മസ്സുമായി ബന്ധപ്പെട്ട ജമാഅത്തെ ഇസ്‌ലാമിയുടെ വീക്ഷണങ്ങൾ പ്രമാണബദ്ധമല്ല എന്ന് അഹ്‌ലുസ്സുന്നത്തിന്റെ ശരിയായ നിലപാട് വായിച്ചറിഞ്ഞ നമ്മൾ ഇതിനകം മനസ്സിലാക്കി കഴിഞ്ഞതാണ്. അല്ലാഹുവിന്റെ ദീനിൽ നിന്ന് തെറ്റിച്ചുകളയാനും ക്രൈസ്തവരുടെ ചര്യകൾ ചാണിനു ചാണും മുഴത്തിനു മുഴവുമായി പകർത്തുവാനുള്ള സമ്പ്രദായത്തിലേക്കാണ് ജമാഅത്തെ ഇസ്‌ലാമി അതിന്റെ കുഞ്ഞാടുകളെ പരിശീലിപ്പിക്കുന്നത്. അവരോട് ഓർമ്മിപ്പിക്കാനുള്ളത് അല്ലാഹുവിന്റെ താഴെയുള്ള വചനമാണ്:

يَاأَيُّهَا الَّذِينَ آمَنُوا إِنْ تُطِيعُوا فَرِيقًا مِنْ الَّذِينَ أُوتُوا الْكِتَابَ يَرُدُّوكُمْ بَعْدَ إِيمَانِكُمْ كَافِرِينَ

“സത്യവിശ്വാസികളേ, വേദഗ്രന്ഥം നൽകപ്പെട്ടവരിൽ ഒരു വിഭാഗത്തെ നിങ്ങൾ അനുസരിക്കുന്ന പക്ഷം നിങ്ങൾ വിശ്വാസം സ്വീകരിച്ചതിന് ശേഷം അവർ നിങ്ങളെ അവിശ്വാസികളായി മാറ്റിയേക്കും.”[10]

ക്വുർആൻ അവതരിച്ച കാലത്തുള്ള സത്യവിശ്വാസികൾക്ക് മാത്രം ബാധകമാണ് അല്ലാഹുവിന്റെ മേൽകൽപന എന്ന് വിശ്വാസിക്കാൻ പഴുതുകാണുന്നില്ല. പ്രവാചകൻ(സ)യുടെ കാലം തൊട്ട് ഇന്നോളം മുസ്‌ലിംകളെ തന്റെ വിശ്വാസകർമ്മങ്ങളിൽ നിന്നും വഴിതെറ്റിക്കുവാൻ പ്രയത്നിക്കുന്നവരാണ് ജൂതക്രിസ്ത്യാനികൾ. അതിനായി കാലത്തിനൊത്ത ആസൂത്രിത പരിപാടികൾ പലതും അവർ സ്വീകരിച്ചിരിന്നു എന്നതിന് ഭൂതകാല ചരിത്രവും വർത്തമാന മിഷിനറി പ്രവർത്തനങ്ങളും മതിയാംവണ്ണം സാക്ഷ്യമാണ്. എന്നിട്ടും ജമാഅത്തെ ഇസ്‌ലാമിയുടെ പ്രധാനികൾ തങ്ങളുടെ കുഞ്ഞാടുകളെ ഗുരുതരമായ തെറ്റിലേക്ക് തള്ളിയിടുകയാണ്. സ്വന്തം ആദർശത്തെ കുരുതികൊടുത്തുകൊണ്ട് ശിർക്കിന്റെ വാഹകരുമായി ഒരു ധാരണയുണ്ടാക്കുന്നത് ചില ലക്ഷ്യങ്ങൾ വെച്ചുകൊണ്ട് തന്നെയാണ്. മതേതര ഇന്ത്യയിൽ ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്ന ചില മുസ്‌ലിംകൾ അന്യമതസ്ഥരുടെ ആരാധനാലയങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും പോയി പുഷ്പാർച്ചന നടത്തുന്നതും പ്രദക്ഷിണം വയ്ക്കുന്ന ഏർപ്പാടിന് തതുല്യം തന്നെയാണ് ജമാഅത്തിന്റെ ഇത്തരം ചെയ്തികൾ. എന്നാൽ അതിനെ വിമർശിച്ചുകൊണ്ട് ജമാഅത്ത് നേതാവ് ഒരിക്കൽ എഴിതിയത് നൂറുവട്ടം ഓരോ മൗദൂദികൾക്കും ഇടിനാദം പോലെയായിരിക്കും ഇന്ന് അനുഭവപ്പെടുക. ദാ അതിങ്ങനെ:

“കലർപ്പില്ലാത്ത ഏകദൈവവിശ്വാസമാണ് ഇസ്‌ലാമിന്റെ അടിത്തറ. ബഹുദൈവ സങ്കല്പവുമായി ബന്ധപ്പെട്ട ഒരു ചടങ്ങും അത് അനുവദിക്കുന്നില്ല. ക്ഷേത്രങ്ങളിലെ പുഷ്പാർച്ചന, പ്രദക്ഷിണം പോലുള്ള ആചാരങ്ങൾക്കും ഇത് ബാധകമാണ്. ശിർക്ക്പരമായ വിശ്വാസങ്ങളുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്ന ആചാരങ്ങൾ ഇസ്‌ലാമിക സംസ്കാരവുമായി പൊരുത്തപ്പെടുന്നതല്ല. മതേതര ഇന്ത്യയിൽ ശിർക്ക് ചെയ്യാൻ നിർബന്ധിതമാവുന്ന സാഹചര്യം നിലവിലില്ല. എല്ലാ മതങ്ങളുടെയും അസ്തിത്വം അംഗീകരിക്കുകയും സർക്കാർ തലത്തിൽ ഒരു മതത്തോടും ആഭിമുഖ്യം പുലർത്താതിരിക്കുകയും ചെയ്യുന്ന ഇന്ത്യയിൽ മുസ്‌ലിം മന്ത്രിമാർക്കും

[9] ടി.കെ. ഉബൈദ്, പ്രശ്നങ്ങൾ വീക്ഷണങ്ങൾ, പേജ് 549

[10] ക്വുർആൻ 3:100

ഉദ്യോഗസ്ഥന്മാർക്കും വിശ്വാസപരമായി തെറ്റെന്ന് സ്വയം ബോധ്യമുള്ള ചടങ്ങുകളിൽനിന്ന് മര്യാദയോടെ വിട്ടുനിൽക്കാവുന്നതേയുള്ളൂ. കൂറ് തെളിയിക്കാനും ദേശീയത ഉയർത്തിക്കാട്ടാനുമുള്ള വ്യഗ്രതയിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ വാസ്തവത്തിൽ നട്ടെല്ലില്ലായ്മയുടെ ഫലമാണ്. യശശ്ശരീരരായ മൗലാനാ ആസാദിനെയും മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനെയും പോലുള്ളവർ സ്വന്തം വിശ്വാസപ്രമാണങ്ങളിൽ ഉറച്ചുനിന്നു കൊണ്ട് തന്നെ ജിവിച്ച ധീരദേശാഭിമാനികളായിരുന്നു. അവരെക്കാളൊക്കെ ദേശസ്നേഹി ചമയാൻ ശ്രമിക്കുന്നവർ സ്വയം പരിഹാസ്യരായിത്തീരുകയാണ് ചെയ്യുന്നത്."[11]

തെറ്റെന്ന് സ്വയം ബോധ്യമുള്ള ചടങ്ങുകളിൽ നിന്ന് മര്യാദയോടെ വിട്ടുനിൽക്കാവുന്നതേയുള്ളൂ എന്ന് സമ്മതിക്കുന്ന ലേഖകൻ, അതിന് കഴിയാതിരിക്കാനുള്ള കാരണമായി പറഞ്ഞത് നട്ടെല്ലില്ലായ്മയുടെ ഫലമെന്നാണ്. അല്ലാഹുവിന് ഒരു സന്താനമുണ്ടെന്ന ഗുരുതരമായ വിശ്വാസവുമായി ബന്ധപ്പെട്ട ക്രിസ്മസ് ആഘോഷത്തിൽ നിന്നും വിട്ടു നിൽക്കാൻ ഈ നട്ടെല്ല് എന്തുകൊണ്ട് മൗദൂദികൾക്ക് തടസ്സമാകുന്നു. സ്വന്തം വിശ്വാസപ്രമാണങ്ങളിൽ ഉറച്ചുനിന്നു കൊണ്ട് ജിവിച്ച ധീരദേശാഭിമാനികളായി പരിചയപ്പെടുത്തിയ മൗലാനാ ആസാദും മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബും മുജാഹിദ് പ്രസ്ഥാനം ഇന്ത്യാരാജ്യത്ത് പ്രചരിപ്പിക്കുന്ന ആദർശത്തിന്റെ വക്താക്കളായിരുന്നു എന്നതും ഇവിടെ സ്മരണീയമാണ്. എന്തുകൊണ്ട് ഒരു ജമാഅത്തെ ഇസ്‌ലാമിയുടെ വക്താക്കളിൽ പെട്ട ഒരാളുടെ പേര് രാജ്യസ്നേഹികളുടെ പട്ടികയിൽ ഇടം കണ്ടില്ല? ഈ ചോദ്യത്തിനുള്ള ഉത്തരമായി ഒരാളുടെ പേര് ഇല്ലാത്തുകൊണ്ടാണ് തീവ്രവാദ പ്രസ്ഥാനത്തിന്റെ ചോരയുടെ ഗന്ധം മാത്രം സംഭാവന ചെയ്ത ജമാഅത്തെ ഇസ്‌ലാമി എന്ന പ്രസ്ഥാനത്തിന് ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നേതാക്കളുടെ പേരും പ്രശസ്തിയും കടമെടുക്കേണ്ടി വന്നത്. ഇവിടെയാണ് ക്രിസ്മസ്സുമായി ബന്ധപ്പെട്ട് ജമാഅത്ത് കുഞ്ഞാടുകൾക്ക് നൽകാനുള്ള ഉപദേശം പ്രസക്തമാകുന്നത്. അത് മൗദൂദികളുടെ വാക്കുകളിൽ നിന്ന് തന്നെ അല്പം കടമെടുത്തുകൊണ്ട് പറയാം; 'വിശ്വാസപരമായി തെറ്റെന്ന് സ്വയം ബോധ്യമുള്ള ചടങ്ങുകളിൽനിന്ന് മര്യാദയോടെ വിട്ടുനിൽക്കാവുന്നതേയുള്ളൂ. കൂറ് തെളിയിക്കാനും ദേശീയത ഉയർത്തിക്കാട്ടാനുമുള്ള വ്യഗ്രതയിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ വാസ്തവത്തിൽ നട്ടെല്ലില്ലായ്മയുടെ ഫലമാണ്.'

സഹോദരാ, ഇത്രയും എഴുതിയത് കഴിഞ്ഞുപോയ ഒരു തിന്മയെ പൊക്കിപ്പിടിച്ച് ചിലയാളുകളെ മോശമാക്കുവാൻ വേണ്ടിയല്ല. മറിച്ച് ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങളിൽ സൂക്ഷ്മത പാലിക്കുവാനും അതുപോലെത്തന്നെ ദീനിനെ പ്രമാണങ്ങളിൽ നിന്നും മനസ്സിലാക്കി നിലപാട് തിരുത്തുവാനും വേണ്ടിയാണ്. എല്ലാം വിശ്വസിച്ചതുകൊണ്ടുമാത്രം നരകാഗ്നിയിൽ നിന്നും രക്ഷപ്പെടുവാനാകില്ലല്ലോ. സത്യം വന്നെത്തുമ്പോൾ നമ്മുടെ നിലപാട് നന്നാക്കിയാൽ മാത്രമേ വിജയികളിൽ ഉൾപ്പെടുവാൻ കഴിയുകയുള്ളു. അക്കാര്യം അല്ലാഹു പറയുന്നത് കാണുക:

وَمَا نُرْسِلُ الْمُرْسَلِينَ إِلاَّ مُبَشِّرِينَ وَمُنذِرِينَ فَمَنْ آمَنَ وَأَصْلَحَ فَلا خَوْفٌ عَلَيْهِمْ وَلا هُمْ يَحْزَنُونَ

"സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്നവരും ആയിട്ടല്ലാതെ നാം ദൂതന്മാരെ അയക്കുന്നില്ല. എന്നിട്ട് ആർ വിശ്വസിക്കുകയും, നിലപാട് നന്നാക്കിത്തീർക്കുകയും ചെയ്തുവോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല."[12]

അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ.

[11] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം, ഇസ്‌ലാമിക പ്രസ്ഥാനം: ചോദ്യങ്ങൾക്ക് മറുപടി, പേജ് 262

[12] ഖുർആൻ 6:48